# മുസ്അബിന്റെ മൂന്നാം ഹിജ്റ

**അബൂ അയ്മൻ**

**സൂര്യൻ** പടിഞ്ഞാറ് ചാഞ്ഞിട്ട് മണിക്കൂറുകൾ കഴിഞ്ഞെങ്കിലും ചൂടിനു ശമനമില്ല. ചൂളം വിളിച്ചെത്തുന്ന കാറ്റിനുപോലും കുളിർമയില്ല. മുസ്അബിന് ഉറക്കം വരാതിരിക്കാൻ കാരണം പുറത്തെ ചൂടല്ല, അകത്തെ ചൂടാണ്. മനസ്സ് നട്ടുച്ച നേരത്തെ സൂര്യനെപ്പോലെ തിളച്ചുമറിയുകയാണ്. കാറ്റും കോളുമുള്ള കടലുപോലെ ഇരമ്പുകയും.

ഇസ്‌ലാം സ്വീകരിച്ച് ദാറുൽ അർഖമിൽനിന്ന് പുറത്തു കടന്നപ്പോഴാണ് മുസ്അബ് താൻ ചെയ്തതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി ചിന്തിച്ചത്. ഏറ്റവും വലിയ പ്രശ്നം മാതാവ് ഖുനാസ തന്നെ. ഉമ്മയുമായുള്ള ബന്ധം അഗാധമാണ്. ഒരു ദിവസം പോലും അവരെ കാണാതിരിക്കാൻ സാധ്യമല്ല. ഉമ്മാക്ക് തിരിച്ചും അങ്ങനെത്തന്നെ. മകന്റെ ഇഷ്ടത്തിനെതിരായി അവരൊന്നും ചെയ്യാറില്ല. അതോടൊപ്പം മാതാവ് വലിയ വാശിക്കാരിയാണെന്നും മുസ്അബിനറിയാം. പൈതൃകാചാരങ്ങളോടും പാരമ്പര്യങ്ങളോടും ഒട്ടിനിൽക്കുന്നവളാണ്. അതിനാൽ ഇസ്‌ലാംസ്വീകരണം ആരെയും അറിയിക്കാതെ പരമ രഹസ്യമാക്കി വെക്കാൻ തീരുമാനിച്ചു. മാതാവിനെ ക്രമേണ അറിയിക്കാം.

ഏറെക്കാലം ഈ നില തുടരാനായില്ല. ഉസ്മാനുബ്നു ത്വൽഹ എല്ലാം തകിടം മറിച്ചു. അർഖമിന്റെ വീട്ടിലേക്ക് മുസ്അബ് പോകുന്നതും വരുന്നതും അയാളുടെ ശ്രദ്ധയിൽപെട്ടിരുന്നു. അയാളത് ഖുനാസയുടെ കാതുകളിലെത്തിച്ചു. തന്റെ മകൻ പുതിയ മതം സ്വീകരിച്ച വാർത്ത കേട്ട് അവർ ഞെട്ടിത്തരിച്ചു. പിന്നെ ഒരലർച്ചയായിരുന്നു: 'മുഹമ്മദിന്റെ മതമുപേക്ഷിച്ചില്ലെങ്കിൽ ഞാനവനെ വെറുതെ വിടില്ല.'

ഖുനാസയുടെ ഈ പ്രഖ്യാപനം ഒരു പ്രതിജ്ഞകൂടിയായിരുന്നു. കർക്കശമായി നേരിടാനാണ് ആദ്യം തീരുമാനിച്ചത്. അൽപം ആലോചിച്ചപ്പോൾ അവർക്കു തോന്നി; മകനെ പിന്തിരിപ്പിക്കാൻ നല്ലത് സ്നേഹപൂർവമായ ഉപദേശമാണ്. ഖുനാസ മകൻ വരുന്നത് അക്ഷമയോടെ കാത്തു. വൈകി വീട്ടിലെത്തിയ മകനോട് അതിന്റെ കാരണം തിരക്കി. മുസ്അബ് സന്മാർഗം സ്വീകരിച്ച വിവരം ഉമ്മയിൽനിന്ന് മറച്ചുവെക്കാൻ ശ്രമിച്ചു. ചോദ്യം ആവർത്തിച്ചപ്പോൾ സത്യം തുറന്നു പറഞ്ഞു. പിന്നെ ഉമ്മയുടെ ഒരു ഉപദേശ പ്രസംഗമായിരുന്നു; പെറ്റതും പോറ്റിവളർത്തിയതും ഓർമിപ്പിച്ചുകൊണ്ട്. അവർ തമ്മിലെ കലർപ്പറ്റ സ്നേഹത്തിന്റെ കഥയും അയവിറക്കി. ഒടുവിൽ ഒരുപദേശം: നീ ആ പുതിയ മതം ഉപേക്ഷിക്കണം.

മുസ്അബ് ചുരുങ്ങിയ വാക്കുകളിൽ തന്റെ പുതിയ മതത്തെ പരിചയപ്പെടുത്തി. ഏതാനും ഖുർആൻ സൂക്തങ്ങൾ കേൾപ്പിച്ചു. ഇത്രയുമായപ്പോഴേക്ക് അവരുടെ കോപം ഇരട്ടിച്ചിരുന്നു. അതോടെ ഉപദേശം ശകാരമായി. പിന്നെ ഭീഷണിയായി. അവരുടെ മുഖത്തെ സ്നേഹഭാവം മാഞ്ഞു. മുസ്അബ് അക്ഷോഭ്യനായി നിന്നു.

ഖുനാസ സമ്പന്ന കുടുംബത്തിലെ അംഗമായിരുന്നു. ആഗ്രഹിച്ചതൊന്നും നടക്കാതിരുന്നിട്ടില്ല. അതിനാണല്ലോ ഇപ്പോൾ മാറ്റം സംഭവിച്ചത്. അതും മകന്റെ ഭാഗത്തുനിന്ന്. അവരുടെ ഭാഷയിൽ മകൻ കാണിക്കുന്നത് കടുത്ത ധിക്കാരമാണ്.

ഖുനാസ മകനെ ഇരുമ്പുചങ്ങലയിൽ ബന്ധിച്ചു. വീട്ടിലെ ഒരു മുറിയിൽ തടവിലിട്ടു. രക്ഷപ്പെടാതിരിക്കാൻ കാവൽക്കാരെ ഏർപ്പെടുത്തി. അങ്ങനെ പ്രവാചകനും അനുചരന്മാരുമായി ബന്ധപ്പെടാൻ അവസരം നിഷേധിച്ചു. ഇതൊക്കെയും മുസ്അബിന്റെ വിശ്വാസത്തെ കൂടുതൽ കരുത്തുറ്റതാക്കുകയായിരുന്നു. തീ തൊടുമ്പോൾ തങ്കത്തിന് തിളക്കം കൂടും. വിശ്വാസികളുടെ സ്ഥിതിയും അതുതന്നെ. പരീക്ഷണങ്ങളും പീഡനങ്ങളും അവർക്ക് ശക്തി പകർന്നുകൊണ്ടേയിരിക്കും.

മുസ്അബിന് പുറംലോകവുമായുള്ള ബന്ധം അറ്റുപോയി. പ്രവാചകനുമായി സന്ധിക്കാൻ സാധിക്കാത്തതിലായിരുന്നു ഏറെ പ്രയാസം. തിരുസന്നിധിയിൽചെന്ന് തന്റെ അവസ്ഥ തുറന്നു പറയാൻ സാധിച്ചിരുന്നെങ്കിൽ എല്ലാ പ്രയാസങ്ങളും മറപ്പിക്കുന്ന ആശ്വാസവചനങ്ങൾ കേൾക്കാമായിരുന്നു. തന്നെപ്പോലെ പീഡനമനുഭവിക്കുന്ന പലരെയും ആശ്വസിപ്പിക്കുന്നതിന് മുസ്അബ് സാക്ഷിയായിട്ടുണ്ട്.

മുസ്അബ് നേരത്തേ ഉപയോഗിച്ചിരുന്ന മുറിയിൽതന്നെയാണ് ഇപ്പോഴും. അന്നത് കിടപ്പറയായിരുന്നു. ഇന്ന് തടവറയാണെന്നു മാത്രം. രണ്ടും തമ്മിൽ എന്തൊരന്തരം! സ്വാതന്ത്ര്യം നിഷേധിക്കപ്പെടുമ്പോഴാണല്ലോ അതിന്റെ വിലയറിയുക. മുസ്അബ് മുറിയിൽനിന്ന് പുറത്തു വരുമ്പോൾ കൂടെ കാവൽക്കാരുണ്ടാകും. എന്നാലും അവരെ തട്ടിമാറ്റി മുസ്അബ് രക്ഷപ്പെടുമായിരുന്നു; തടഞ്ഞുവെക്കാൻ കൽപിച്ചത് മാതാവായിരുന്നില്ലെങ്കിൽ! ഉമ്മ എന്നും അദ്ദേഹത്തിന്റെ ദൗർബല്യമായിരുന്നു. എന്നല്ല; ഉമ്മ മാത്രമായിരുന്നു ഏക ദൗർബല്യം. എന്നിട്ടും അല്ലാഹുവോടും അവന്റെ ദൂതനോടും സത്യമതത്തോടുമുള്ള ആഭിമുഖ്യം അതിനെയും കവച്ചുവെച്ചു.

മാതാവിന്റെ തടവിലായിരിക്കെ മുസ്അബ് മുസ്‌ലിംകളുടെ എത്യോപ്യൻ യാത്രയെക്കുറിച്ചറിഞ്ഞു. തന്ത്രപൂർവം ബന്ധനത്തിൽനിന്ന് മോചിതനായി അവരോടൊപ്പം ചേർന്നു. അങ്ങനെ സത്യമാർഗത്തിൽ ജീവിത സൗകര്യങ്ങളോടെന്നപോലെ വീടിനോടും നാടിനോടും വിടപറയാൻ അദ്ദേഹത്തിനവസരം ലഭിച്ചു. അതിലൂടെ ആത്മത്യാഗത്തിന്റെ മാധുര്യം അനുഭവിച്ചറിയുകയായിരുന്നു മുസ്അബ്.

എത്യോപ്യയിലെ പ്രവാസജീവിതം മതിയാക്കി തിരിച്ചെത്തിയ മുസ്അബ് പ്രവാചകശാസന ശിരസ്സാ വഹിച്ച് ഏതാനും കൂട്ടുകാരോടൊത്ത് രണ്ടാമതും അവിടേക്കു തന്നെ പലായനം ചെയ്തു. അൽപകാലത്തിനുശേഷം മക്കയിലേക്കു മടങ്ങി. ഈ അവസരമുപയോഗിച്ച് മകനെ വീണ്ടും തടവിലിടാൻ മാതാവ് ഖുനാസ ആഗ്രഹിച്ചു. ഇക്കാര്യം മനസ്സിലാക്കിയ മുസ്അബ് ദൃഢസ്വരത്തിൽ പറഞ്ഞു: 'ഉമ്മാ, ഇനിയും എന്നെ പിടികൂടി പീഡിപ്പിക്കാനാണ് ശ്രമമെങ്കിൽ നിങ്ങളുടെ സഹായികളായി വരുന്ന കൂലിക്കാരുടെയൊക്കെ കഥ ഞാൻ കഴിക്കും.'

മകന്റെ ദൃഢപ്രതിജ്ഞ ഖുനാസയെ അവരുടെ ഉദ്യമത്തിൽനിന്ന് പിന്തിരിപ്പിച്ചു. എന്തു ചെയ്താലും മകന്റെ മനംമാറ്റാൻ കഴിയില്ലെന്ന് അവർക്ക് ബോധ്യമായി. അതോടെ മുസ്അബിനെ എന്നെന്നേക്കുമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അത് തുറന്നുപറയുകയും ചെയ്തു: 'മുസ്അബ്; ഇന്നു മുതൽ ഞാൻ നിന്റെ ആരുമല്ല. നിന്റെ മതവുമായി നീ എവിടെയെങ്കിലും പോയി തുലയൂ! ഇനി നിന്നെ എന്റെ കൺമുമ്പിൽ കണ്ടുപോകരുത്. എന്റെ സ്വത്തിന് നീ അവകാശിയുമല്ല.'

ഉമ്മ ഇങ്ങനെയൊക്കെ പറഞ്ഞാലും മുസ്അബിന് ബന്ധമുപേക്ഷിക്കാൻ സാധ്യമായിരുന്നില്ല. ഇസ്‌ലാം അതനുവദിക്കുന്നുമില്ല. അദ്ദേഹം

പറഞ്ഞു: 'ഉമ്മാ, നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ചെയ്താലും ഞാൻ നിങ്ങളുടെ ഗുണകാംക്ഷിയാണ്. അല്ലാഹുവിന്റെ സന്നിധിയിൽ നിങ്ങൾ രക്ഷപ്പെടണമെന്നാണ് എന്റെ ആഗ്രഹവും പ്രാർഥനയും. അതിനാൽ നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. പ്രവാചകനെ പിന്തുടരുക.'

മകന്റെ അഭ്യർഥന ഖുനാസയുടെ കോപം ഇരട്ടിപ്പിച്ചു. അവർ അത്യുച്ചത്തിൽ പറഞ്ഞു: 'പോ, എന്റെ മുന്നിൽ നിന്ന്. എന്റെ ദൈവങ്ങളാണ് സത്യം, എനിക്ക് നീയും വേണ്ട. നിന്റെ മതവും വേണ്ട.'

മുസ്അബിനെ സംബന്ധിച്ചേടത്തോളം ഇത് തന്റെ കരൾപിളർക്കും പോലെയായിരുന്നു. പ്രിയമാതാവുമായി വേർപിരിയുക. അതും എന്നെന്നേക്കുമായി. ദുർമാർഗത്തിലുറച്ചുനിന്ന് നശിക്കാനാണല്ലോ ഉമ്മയുടെ തീരുമാനം എന്നതായിരുന്നു അദ്ദേഹത്തെ ഏറെ പ്രയാസപ്പെടുത്തിയിരുന്നത്.

മുസ്അബിനെ സംബന്ധിച്ചേടത്തോളം ഇത് മൂന്നാം ഹിജ്റയായിരുന്നു. നേരത്തേ രണ്ടു തവണ എത്യോപ്യയിലേക്ക് ഹിജ്റ പോയതാണല്ലോ. ഇപ്പോഴത്തെ ഹിജ്റ കൊട്ടാരത്തിൽനിന്ന് കൊച്ചുകുടിലിലേക്കാണ്. സുഖസൗകര്യങ്ങളുടെ പറുദീസയിൽനിന്ന് പട്ടിണിയുടെയും പ്രാരബ്ധങ്ങളുടെയും പ്രയാസങ്ങളിലേക്ക്. എന്നാലും ഇതൊന്നുമായിരുന്നില്ല അദ്ദേഹത്തെ അലോസരപ്പെടുത്തിയിരുന്നത്. പാതിരാവുകളിൽ പോലും മുസ്അബിന് ഉറക്കം വന്നില്ല. കിടത്തം പട്ടുമെത്തയിൽനിന്ന് ഓലപ്പായയിലേക്ക് മാറിയതിനാലല്ല ഇതൊന്നും. പ്രൗഢമായ വസ്ത്രങ്ങൾക്കു പകരം കീറിപ്പറിഞ്ഞവ അണിയേണ്ടിവന്നതിലുമല്ല. വിശ്വാസം സമ്മാനിച്ച കരുത്ത് അതൊക്കെയും അവഗണിക്കാൻ മാത്രം ശക്തമാണ്. ഉമ്മയെ നേർവഴിയിൽ നയിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന ചിന്തയാണ് അദ്ദേഹത്തെ വേട്ടയാടിക്കൊണ്ടിരുന്നത്. ആ ചിന്ത പാതിരാവുകളിൽ മുസ്അബിന്റെ ഉറക്കം നഷ്ടപ്പെടുത്തി. ■